## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1350** 

**21.03.2012 ലെ മറുപടിക്ക്**

**<u>വായ്പാ കുടിശ്ശിക നിവാരണത്തിനുള്ള പദ്ധതികൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. കെ.വി. വിജയദാസ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) സഹകരണ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശിക നിവാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ വായ്പാ സഹകരണ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും, വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി 'ആശ്വാസ് 2011' എന്ന പേരിൽ കുടിശ്ശിക നിവാരണ പദ്ധതി 2011 ജൂലൈ 1 മുതൽ 2011 സെപ്റ്റംബർ 15 വരെ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം 1007.05 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുകയും 73.13 കോടി രൂപയുടെ ഇളവുകൾ വായ്പക്കാർക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സംഘങ്ങൾ/ബാങ്കുകൾ വായ്പ കുടിശ്ശിക കുറയ്ക്കുന്നതിനായി ആനുകൂല്യങ്ങളോടെ കുടിശ്ശിക വായ്പാ കണക്കുകൾ അവസാനിപ്പിക്കുന്നതിന് സ്വന്തം നിലയിൽ പദ്ധതികൾ ആവിഷ്കരിക്കുകയാണെങ്കിൽ ആയതിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) ഭവന വായ്പാ സഹകരണ സംഘങ്ങൾക്ക് പ്രത്യേകമായി ഒരു പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ബി) പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**